പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 171

28.01.2019 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## അമ്പൂരിയിൽ പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ആദിവാസി മേഖലയായ അമ്പൂരി കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | എ) ഇപ്പോൾ പരിഗണനയിലില്ല. |
| ബി) ഈ സർക്കാർ കാലയളവിൽ പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 4.8.2017 തീയതിയിലെ സ.ഉ. (സാധാ) നം. 2057/2017/ആഭ്യന്തരം, 22.09.2017 തീയതിയിലെ സ.ഉ. (സാധാ) നം. 2487/2017/ആഭ്യന്തരം, 26.10.2017 തീയതിയിലെ സ.ഉ. (കൈ) നം. 216/2017/ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം 14 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 17.04.2018 ലെ സ.ഉ.(കൈ)നം. 68/2018/ആഭ്യന്തരം പ്രകാരം 3 സൈബർ പോലീസ് സ്റ്റേഷനുകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. |
| സി) ഈ സർക്കാർ കാലയളവിൽ പോലീസ് വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവയിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് ; വിശദമാക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ കേരള പോലീസ് വകുപ്പിൽ 2740 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1873 താൽക്കാലിക തസ്തികകൾക്ക് തുടർ അനുമതിയും നൽകിയിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച തസ്തികകളിലെല്ലാം നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ